നം.2073/ഇ1/2017/കെ.എസ്.എച്ച്.ഒ 20/01/2019

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

## വിജ്ഞാപനം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)യിലെ ഒഴിവ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിനും പട്ടിക തയ്യാറാക്കുന്നതി നുമായി യോഗ്യരായ കേന്ദ്ര-സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

കുടുംബശ്രീ മിഷനിലെ **ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലേയ്ക്കാണ് നിയമനം.** യോഗ്യതയുള്ള ജീവനക്കാർ ചട്ടപ്രകാരം അവരുടെ മാതൃവകുപ്പിൽ നിന്നുള്ള എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്.

### ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
(ആലപ്പുഴ – 1)

**ശമ്പള സ്കെയിൽ** : 42500 – 87000 (പുതുക്കിയത്)

**യോഗ്യത :**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം.
- സാമൂഹിക വികസന പരിപാടികളും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമവികസനം, കൃഷി, മൃഗസംരക്ഷണം, ഡയറി വികസനം, സാമൂഹികക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളിൽ കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയം.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

**പ്രധാന തീയതികൾ**

- അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **05/02/2019 വൈകുന്നേരം 5.00 മണി**
- എഴുത്തുപരീക്ഷയും ഇന്റർവ്യൂവും 06/02/2019 രാവിലെ 10.00 മണി മുതൽ **സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ ഓഫീസിൽ** വച്ച് നടത്തുന്നതാണ്.

**(ഇന്റർവ്യൂവിനായി പ്രത്യേകം കത്ത് നൽകുന്നതല്ല)**

കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) വെബ്സൈറ്റ് (www.kudumbashree.org) സന്ദർശിക്കുക.

(ഒപ്പ്)<br>
എക്സിക്യൂട്ടീവ് ഡയറക്ടർ<br>
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

അംഗീകാരത്തോടെ,

അക്കൗണ്ട്സ് ഓഫീസർ